ണിത്. കാശുണ്ടെങ്കിൽ ഇഷ്ടമുള്ള രീതിയിൽ വീടുപണിയും എന്ന് ചിന്തിക്കുന്നത് തെറ്റാണ്. അതിനുള്ള വിഭവങ്ങൾ നമുക്കില്ല. വൈകാതെതന്നെ പാറയും മണലുമെല്ലാം കേരളത്തിൽ കിട്ടാതെയാകും. കേരളം വളരെ ചെറിയ സ്ഥലമാണെന്നും നമുക്ക് പോകാൻ കഴിയുന്നതിന് ഒരു പരിധിയുണ്ടെന്നും ഇടയ്ക്കിടെ ഓർക്കുന്നത് നല്ലതാണ്.

യുവാക്കളുടെ സാന്നിധ്യമാണ് യാത്രയിൽ ഏറ്റവും സന്തോഷിപ്പിക്കുന്ന കാര്യം. അതുകൊണ്ടുതന്നെ ചർച്ചകളിലെല്ലാം പുതിയ കാഴ്ച്ചപ്പാടുകൾ കേൾക്കാൻ കഴിയുന്നുണ്ട്. ജനങ്ങളുമായുള്ള സംവാദം അവരുടെ ജീവിതത്തിലും വലിയ മാറ്റങ്ങൾ കൊണ്ടുവരും. കേരളത്തിലെ പരിസ്ഥിതി പ്രവർത്തനം പുതിയ ഭാഷയിൽ സംസാരിക്കാൻ തുടങ്ങും. സാധാരണക്കാരന് മനസ്സിലാകുന്ന രൂപത്തിൽ പരിസ്ഥിതി വിഷയങ്ങൾ അവരോട് സംസാരിക്കാൻ ചെറുപ്പക്കാർ ശ്രമിക്കുന്നത്. അത് ഒരു നല്ല പരിശീലനമാണ്. പരിസ്ഥിതി വിഷയങ്ങളുടെ ഭാഷ സാധാരണക്കാരുമായി സംവദിക്കുന്ന ഭാഷയല്ല എന്നൊരു ധാരണ ഇവിടെയുണ്ടായിരുന്നു. അത് മാറിവരുകയാണ്. വയനാട് വച്ച് പരമ്പരാഗത നെൽവിത്തിനങ്ങൾ സംരക്ഷിക്കുന്ന ആദിവാസി മൂപ്പൻ ചെറുവയൽ രാമേട്ടന്റെ അടുത്ത് ഞങ്ങൾ പോയിരുന്നു. അദ്ദേഹം സംസാരിക്കുന്ന പരിസ്ഥിതി ശാസ്ത്രം ആർക്കും വേഗത്തിൽ മനസ്സിലാകും. അത്തരത്തിലുള്ള ഒരു സംവേദനരീതിയാണ് നമ്മൾ വികസിപ്പിച്ചെടുക്കേണ്ടത്. ■

# കാലാവസ്ഥാ വ്യതിയാനം കർഷകർ അറിഞ്ഞുതുടങ്ങി

**സലീഷ് പൊയിൽക്കാവ്**
(പ്ലസ്ടു വിദ്യാർത്ഥി, യാത്രികൻ)

**ആദ്യമായാണ്** ഇത്തരത്തിലുള്ള ഒരു പരിപാടിയിൽ പങ്കെടുക്കുന്നത്. റോഡ് മാർഗ്ഗം കാൽനടയായി സഞ്ചരിച്ച് റോഡരികിലുള്ള വീടുകളിൽ കയറി സംസാരിക്കുക എന്നതായിരുന്നു രീതി. എന്നാൽ എനിക്ക് ആ രീതിയോട് വിയോജിപ്പുണ്ടായിരുന്നു. പ്രായോഗികമായി അത് ശരിയായിരിക്കാം. എന്നാൽ റോഡിൽ നിന്നും കുറച്ചുകൂടി ഉള്ളിലേക്ക് പോയി ആളുകളോട് സംസാരിക്കുന്നത് നല്ലതാണ് എന്ന് എനിക്ക് തോന്നി. അവരുടെ അനുഭവങ്ങൾ വ്യത്യസ്തമായിരിക്കും. ദുരിതങ്ങളനുഭവിക്കുന്ന കർഷകരെ കാണണമെങ്കിൽ കുറച്ചുകൂടി ഉള്ളിലേക്ക് പോകണം. ഞാൻ പലപ്പോഴും ഗ്രൂപ്പിൽ നിന്നും മാറി ഉള്ളിലേക്ക് പോകാൻ ശ്രമിച്ചിരുന്നു. അതിന്റേതായ അനുഭവങ്ങളുമുണ്ടായി. കൊട്ടിയൂരിൽ പാലുകാച്ചി മല എന്നൊരു മലയുണ്ട്. ഞാൻ അതിന്റെ മുകളിൽ കയറി. അവിടെ വിജയൻ എന്നൊരു കർഷകനെ പരിചയപ്പെട്ടു. കണ്ണൂർ ജില്ലയിൽത്തന്നെ ഏറ്റവും ഉയരമുള്ള സ്ഥലത്ത് കൃഷിചെയ്യുന്ന ആളാണ് ഇദ്ദേഹം. പശ്ചിമഘട്ട മലനിരകളുടെ സേവനം കൊണ്ടാണ് കൃഷി നിലനിൽക്കുന്നതെന്ന് അദ്ദേഹത്തിന് നല്ല ബോധ്യമുണ്ട്. വിത്തിട്ടാൽ വിളവുകിട്ടണമെങ്കിൽ പ്രകൃതി സംരക്ഷിക്കണമെന്ന് അറിയുന്നവരാണ് ഞാൻ പരിചയപ്പെട്ട കർഷകരെല്ലാം. വിജയന് 75 വയസ്സായി. 50 വർഷമായി ആ സ്ഥലത്ത് അദ്ദേഹം കൃഷി ചെയ്യുന്നുണ്ട്. ഗാഡ്ഗിൽ റിപ്പോർട്ടിന്റെ പേരിൽ കൊട്ടിയൂരിൽ കലാപമുണ്ടാക്കിയതൊന്നും കർഷകരല്ലെന്ന് അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു. കലാപം നടന്ന ദിവസത്തിന് മുമ്പ് കളക്ടർ മീറ്റിംഗ് വിളിച്ചുകൂട്ടുകയും റിപ്പോർട്ടിന്റെ പേരിൽ കർഷകദ്രോഹപരമായ ഒരു നടപടിയും ഉണ്ടാവുകയില്ലെന്ന് ഉറപ്പുകൊടുക്കുകയും ചെയ്തിരുന്നു. അതുകൊണ്ടുതന്നെ കർഷകർ കലാപമുണ്ടാക്കാനുള്ള സാധ്യത കുറവാണ്. ക്വാറി ഉടമകളാണ് കുഴപ്പമുണ്ടാക്കിയതെന്നാണ് വിജയൻ കരുതുന്നത്.

ആറളത്തും ഞാൻ അതുപോലെ ഒരുപാട് ഉള്ളിലേക്ക് പോയി. ആറ് വീടുകളുള്ള ഒരു ആദിവാസി കോളനിയിലെത്തി. സ്ത്രീകൾ മാത്രമായിരുന്നു അവിടെയുണ്ടായിരുന്നത്. ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടിനെക്കുറിച്ച് അഭിപ്രായം ചോദിച്ചപ്പോൾ അവർ എന്നെ കയ്യേറ്റം ചെയ്യാൻ ശ്രമിച്ചു. അതുവഴി വന്ന അവരുടെ ഒരു മൂപ്പനാണ് എന്നെ രക്ഷിച്ചത്. രാഷ്ട്രീയക്കാർ വന്ന് ഭീതിപരത്തിയിരിക്കുന്നതുകൊണ്ടാണ് അവർ അങ്ങനെ പെരുമാറിയതെന്ന് അദ്ദേഹം പറഞ്ഞു. ഗാഡ്ഗിൽ റിപ്പോർട്ടിന്റെ പേരിലുണ്ടായ മറ്റൊരു ദുരന്തം വയനാട്ടിൽ നടക്കുന്ന വ്യാപകമായ മരം മുറിയാണ്. അതും നേരിൽ കാണാൻ കഴിഞ്ഞു. ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പി

*⇨ വയനാട്ടിലെ കർഷകർ വ്യാപകമായി കാപ്പിത്തോട്ടങ്ങൾ വെട്ടിമാറ്റി മറ്റ് കൃഷിയിലേക്ക് തിരിയുന്നുണ്ട് ⇨*



ഫോട്ടോ: സലീഷ്

ഗാഡ്ഗിൽ റിപ്പോർട്ട് നിലവിൽ വന്നാൽ മരം മുറിക്കാൻ കഴിയില്ലെന്ന് പറഞ്ഞ് വയനാട് ജില്ലയിൽ മരം മുറി വ്യാപകമായപ്പോൾ

ലാക്കിയാൽ പിന്നീട് ഒരാവശ്യത്തിനും മരം മുറിക്കാൻ അനുവദിക്കില്ലെന്ന് പറഞ്ഞ് ഒരു മാഫിയ ചെറിയ തുകകൊടുത്ത് ആദിവാസികളുടെ ഭൂമിയിൽ നിന്നടക്കം വ്യാപകമായി മരം മുറിച്ചുകൊണ്ടിരിക്കുകയാണ്. ദമനി എന്ന ഒരു ആദിവാസിയാണ് ഇക്കാര്യം എന്നോട് സൂചിപ്പിക്കുന്നത്. സമയക്കുറവ് കാരണം ആ വിഷയത്തെക്കുറിച്ച് കൂടുതലായി അന്വേഷിക്കാൻ കഴിഞ്ഞില്ല. ഗാഡ്ഗിൽ റിപ്പോർട്ടിന്റെ പേരിൽ ഭീതി പരത്തി നടത്തുന്ന ഇത്തരം മുതലെടുപ്പുകൾ നമ്മൾ പുറത്തുകൊണ്ടുവരേണ്ടതുണ്ട്. ആരും ചോദ്യം ചെയ്യാനില്ല എന്നതുകൊണ്ടാണ് ഇതെല്ലാം നടക്കുന്നത്. കാപ്പിയുടെ വില കുറഞ്ഞതോടെ വയനാട്ടിലെ കർഷകർ വ്യാപകമായി കാപ്പിത്തോട്ടങ്ങൾ വെട്ടിമാറ്റി മറ്റ് കൃഷിയിലേക്ക് തിരിയുന്നുണ്ട്. അതിന്റെ ഭാഗമായും മരംമുറി കൂടുതലാണ്. കാലാവസ്ഥാ വ്യതിയാനമാണ് വയനാട്ടുകാർ പങ്കുവയ്ക്കുന്ന പ്രധാനപ്പെട്ട ആശങ്ക. മഴകുറഞ്ഞതോടെ കാപ്പിപ്പൂക്കളെല്ലാം കരിഞ്ഞുവീഴുകയാണ്. സാമ്പത്തിക സ്ഥിതിയെ കാലാവസ്ഥാ വ്യതിയാനം ബാധിക്കുന്നതെങ്ങനെയെന്ന് ഇപ്പോൾ അവർക്ക് ബോധ്യമമായി വരുന്നുണ്ട്.

തിരുനെല്ലിയിൽ കാട് കത്തിയ സ്ഥലം കാണുന്നതിനായി പോയി. ഫോട്ടോഗ്രാഫർ നസീറിന്റെ ലേഖനം വായിച്ച നാൾ മുതൽ കാണണമെന്ന് കരുതിയതാണ്. യാത്രികർ ആ വഴിക്ക് പോകുന്നുണ്ടായിരുന്നില്ല. അതുകൊണ്ട് ഞാൻ ഒറ്റയ്ക്കാണ് പോയത്. കാട്ടിക്കുളം എന്ന സ്ഥലത്ത് നിന്നും ഒരു ഓട്ടോ വാടകയ്ക്കെടുത്തു. കാട് കത്തിയ സ്ഥലങ്ങളിലെല്ലാം കൊണ്ടുപോകണമെന്ന് ഓട്ടോക്കാരനോട് പറഞ്ഞു. എല്ലായിടത്തും പോകണമെങ്കിൽ 500 രൂപയാകുമെന്ന് ഓട്ടോക്കാരൻ പറഞ്ഞു. ഉസ്മാൻ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. എല്ലാ സ്ഥലത്തും അദ്ദേഹം എന്നെ കൊണ്ടുപോയി. കാടുകത്തിയതിന്റെ വിങ്ങൽ യാത്രയിലുടനീളം പങ്കുവച്ചു. കാടിന് തീവെക്കുന്നവരുടെ മാനസികാവസ്ഥയോർത്ത് വല്ലാത്ത ദുഃഖം തോന്നി. മണിക്കൂറുകളോളം അവിടെല്ലാം കറങ്ങി നടന്ന് ഫോട്ടോകൾ എടുത്തു. തുടർന്ന് ഉസ്മാൻ എന്നെ തിരിച്ച് മാനന്തവാടിയിൽ എത്തിച്ചു. ഒറ്റപൈസ പോലും അദ്ദേഹം എന്റെ പക്കൽ നിന്നും വാങ്ങിയില്ല. നിന്റെ ഫോട്ടോ എവിടെയെങ്കിലും പ്രസിദ്ധീകരിച്ച് വരുമ്പോൾ അതുകണ്ടിട്ടെങ്കിലും ആളുകൾക്ക് ബോധമുണ്ടാകട്ടെ എന്നുമാത്രം പറഞ്ഞ് അദ്ദേഹം പോയി. യാത്രയ്ക്കിടയിൽ എന്നെ ഏറ്റവും കൂടുതൽ സന്തോഷിപ്പിച്ച നിമിഷമായിരുന്നു അത്. ■